(ഡി) ഏത് സാഹചര്യത്തിലാണ് ഇദ്ദേഹത്തെ തിരിച്ചെടുത്തത്;

(ഇ) ഈ ഉദ്യോഗസ്ഥൻ ഏതെങ്കിലും വിദേശ യാത്രയിൽ മുഖ്യമന്ത്രിയെ അനുഗമിച്ചിട്ടുണ്ടോ;

(എഫ്)എങ്കിൽ ഏതൊക്കെ രാജ്യങ്ങളിൽ അനുഗമിച്ചിട്ടുണ്ടെന്നും എന്തൊക്കെ നടപടികളിൽ പങ്കെടുത്തിട്ടുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ)-(ഡി)കോഴിക്കോട് കസബ പോലീസ് സ്റ്റേഷനിൽ ക്രൈം 311/97 ആയി രജിസ്റ്റർ ചെയ്ത അഴിമതി നിരോധന നിയമമനുസരിച്ചുള്ള കേസന്വേഷണത്തിന്റെ ഭാഗമായി ശ്രീ. അമിതാഭ്കാന്തിനെ 10.12.1997 ന് സർവ്വീസിൽ നിന്ന് സസ്പെന്റു ചെയ്തു. കോഴിക്കോട് കോർപ്പറേഷനിലെ വാർഡ് നമ്പർ 17 ൽ സ്ഥലമെടുപ്പിൽ ക്രമക്കേടുകൾ നടന്നുവെന്നും കോർപ്പറേഷന് നഷ്ടമുണ്ടാക്കി എന്നതുമാണ് കേസ്. കേസന്വേഷണം പൂർത്തിയായതായി ഡി.ജി.പി. യിൽ നിന്നും ലഭിച്ച റിപ്പോർട്ടിനെ തുടർന്ന് 26.8.1998-ൽ ശ്രീ. അമിതാഭ് കാന്തിനെ സർവ്വീസിൽ തിരിച്ചെടുത്തു.

(ഇ)&(എഫ്) നോർക്കയുടെ വകുപ്പു സെക്രട്ടറി എന്ന നിലയിൽ യു. എ.ഇ, ഒമാൻ, കുവൈറ്റ് എന്നീ രാജ്യങ്ങളിൽ മുഖ്യമന്ത്രിയെ അനുഗമിച്ചിട്ടുണ്ട്. പ്രവാസി കേരളീയരെ സംബന്ധിച്ച പരിപാടികളിൽ പങ്കെടുത്തു.

ഉൾനാടൻ ജലഗതാഗതം

28 (2957)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഉൾനാടൻ ജലഗതാഗതത്തിന്റെ പുരോഗതിക്കുവേണ്ടി എന്തെല്ലാം നടപടികളെടുത്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കു വേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ)&(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 1999 മാർച്ച് വരെ സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ 260 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 958 ലക്ഷം രൂപയും ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. ഇതുവരെ സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ 276.76 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 718.447 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

കോട്ടപ്പുറം-കൊറ്റി-വളപ്പട്ടണം-പറശ്ശിനിക്കടവ് റൂട്ടിൽ ബോട്ട് സർവ്വീസ് പുനരാരംഭിക്കുന്നതിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ സുൽത്താൻ കനാലിന്റെ ഒന്നാം ഘട്ടത്തിന്റെ പണികൾ ഏകദേശം 4 കോടി രൂപ ചെലവാക്കി പൂർത്തിയാക്കിയിട്ടുണ്ട്. ഈ റൂട്ടിലെ ജലഗതാഗതം കൂടുതൽ സുഗമമാക്കുന്നതിലേക്കായി രണ്ടാം ഘട്ടത്തിന്റെ പണികൾ ആരംഭിച്ചിരിക്കുകയാണ്.

കൊറ്റി മുതൽ കോട്ടപ്പുറം വരെയുള്ള ജലപാത അഭിവൃദ്ധിപ്പെടുത്തുന്നതിലേക്കായി, 321.21 ലക്ഷം രൂപയുടെ പദ്ധതിക്ക് കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ, താഴെപ്പറയുന്ന ജലഗതാഗത മാർഗ്ഗങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനായുള്ള പ്രോജക്ട് റിപ്പോർട്ടുകൾ ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്.

(1) റ്റി.എസ് കനാലിന്റെ ഭാഗമായ കോവളം മുതൽ നടയറവരെയുള്ള കനാലിന്റെ വികസനം-1950 ലക്ഷം രൂപ

(2) ബെയ്പൂർ കല്ലായി കനാലിന്റെ അഭിവൃദ്ധിപ്പെടുത്തൽ-1080 ലക്ഷം രൂപ.

(3) വടകര-മാഹി കനാലിന്റെ അഭിവൃദ്ധിപ്പെടുത്തൽ-1639 ലക്ഷം രൂപ

(4) കൊറ്റി-കോട്ടപ്പുറം-വളപട്ടണം-പറശ്ശിനിക്കടവ് കനാലിന്റെ അഭിവൃദ്ധിപ്പെടുത്തൽ (നബാർഡ് അംഗീകാരത്തിനായി) -1550 ലക്ഷം രൂപ.

ഇതിനു പുറമെ, ആലപ്പുഴ-കോട്ടയം, കോട്ടയം-വൈക്കം, ആലപ്പുഴ ചങ്ങനാശ്ശേരി എന്നീ ഉൾനാടൻ ജലപാതകൾ നവീകരിക്കുന്നതിനായി, 12 മില്ല്യൻ ഡോളറിന്റെ ഒരു പദ്ധതി ലോകബാങ്കിന്റെ സഹായത്തോടുകൂടി നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു.

നടപ്പു സാമ്പത്തിക വർഷത്തിൽ 5 പുതിയ പദ്ധതികൾ (കനാലിന്റെ നവീകരണവും ബോട്ടു ജട്ടികളുടെ നിർമ്മാണവും) ഉൾപ്പെടെ ആകെ 82 പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ഈ ഇനത്തിൽ ഈ വർഷം 450 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

ദേശീയ ജലപാത-3 ആയി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാതയിൽ ഏകദേശം 30 കോടി രൂപയ്ക്കുള്ള വികസന പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നു വരികയാണ്. ഉൾനാടൻ ജലഗതാഗത ടെർമിനലുകളുടെ നിർമ്മാണം, ജലപാതയുടെ ആഴവും വീതിയും കൂട്ടൽ, ലോക്കുകളുടെ നിർമ്മാണം, പുനരുദ്ധാരണം എന്നിവ ഇതിൽപ്പെടുന്നു.

ഉൾനാടൻ ജലഗതാഗതപദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കായി, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെ കീഴിൽ കൊല്ലവും കണ്ണൂരും ആസ്ഥാനമാക്കി രണ്ടു ഡിവിഷനുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

കൂടാതെ ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലേക്കായി ഒട്ടനവധി നടപടികൾ സ്വീകരിച്ചു വരുന്നു. മലബാർ മേഖലയിൽ ബോട്ട് സർവ്വീസ് പുനരാരംഭിക്കുക, ഈ മേഖലയിൽ കൂടുതൽ സർവ്വീസ് തുടങ്ങുക എന്നീ സുപ്രധാന കാര്യങ്ങൾ ഇതിൽപ്പെടുന്നു. ബോട്ടുസർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കൂടുതൽ ബോട്ടുകൾ വാങ്ങുകയും നിലവിലുള്ള ബോട്ടുകളുടെ അറ്റകുറ്റപണികൾ നടത്തുകയും ചെയ്തിട്ടുണ്ട്.

മുല്ലപ്പെരിയാർ ഡാം

29 (2958)ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിലെ സ്പിൽ വേയ്ക്ക് മുന്നിലെ ഒഴിക്ക് തടസ്സപ്പെടുത്തുന്ന കല്ലും മണ്ണും തമിഴ്നാട് നീക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly